# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

നം.ഇ1-4219/2020 തീയതി: 19.05.2020

## സർക്കുലർ നം. 09/2020-21

വിഷയം: കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് എറണാകുളം- കോവിഡ്-19 വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ-നിയന്ത്രണങ്ങളും നടപടിക്രമങ്ങളും- ലോക്ക്ഡൗണുമായി ബന്ധപ്പെട്ട് 2020 മെയ് 31 വരെ നടപ്പാക്കേണ്ടതായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം: (1) കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്റ്റാഫ് (നിയമനവും സേവന വ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ചട്ടങ്ങൾ-2002.
(2) സ.ഉ.(എം.എസ്.)നം.78/2020/പൊ.ഭ.വ. തീയതി:17.04.2020.
(3) 20.04.2020 തീയതിയിലെ ബോർഡ് സർക്കുലർ നം.01/2020-21
(4) സ.ഉ.(കൈ)നം.99/2020/പൊ.ഭ.വ. തീയതി:18.05.2020.

കോവിഡ്-19 വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും തുടർ നിർദ്ദേശങ്ങളും, കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ് ജീവനക്കാരും വീഴ്ച കൂടാതെ പാലിക്കേണ്ടതാണെന്ന് പരാമർശം(3) ബോർഡ് സർക്കുലർ മുഖേന നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാനത്ത് നിലനിന്നിരുന്ന ലോക്ക്ഡൌൺ 2020 മെയ് 18 മുതൽ 31 വരെ ദീർഘിപ്പിച്ച് സർക്കാർ പരാമർശം(4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ, പരാമർശം(4) സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം, ബന്ധപ്പെട്ട ജില്ലാ ഭരണകൂടങ്ങൾ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/നിർദ്ദേശങ്ങൾ പാലിച്ച്, കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡിന് കീഴിലുള്ള വിവിധ ഓഫീസുകൾ തുറന്ന് പ്രവർത്തിക്കേണ്ടതാണ് എന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു. ലോക്ക് ഡൌൺ പ്രഖ്യാപിച്ചതിന് ശേഷം ഓഫീസുകളിൽ ജോലിക്ക് ഹാജരാകാൻ സാധിക്കാത്ത ജീവനക്കാരുടെ പേര്, ഓഫീസ്, ഇപ്പോൾ താമസിക്കുന്ന സ്ഥലം (PIN code സഹിതം), ഫോൺ നമ്പർ, ഏറ്റവുമടുത്തുള്ള കാര്യാലയം/ഉപകാര്യാലയം മുതലായവ വിശദാംശങ്ങൾ, ജില്ലാ കമ്മിറ്റി തലത്തിൽ ക്രോഡീകരിച്ച്, **20.05.2020** തീയതിക്കകം **Excel sheet** ആയി ഇ-മെയിൽ(khwwbest@gmail.com) മുഖേന ബോർഡ് ആസ്ഥാന ഓഫീസിലേക്ക് അയച്ച് തരേണ്ടതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്(I/C)

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി/ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയാകമ്മിറ്റി/ സബ് ഓഫീസ് ചെയർമാൻമാർ.

പകർപ്പ്

ഫിനാൻസ് ഓഫീസർ/ സെക്രട്ടറി, കേ.ചു.തൊ.ക്ഷേമ ബോർഡ്, എറണാകുളം
അക്കൗണ്ട്സ് ഓഫീസർ (W&E, P&A, IA, സ്കാറ്റേർഡ്)
ജൂനിയർ സൂപ്രണ്ട് (ക്യാഷ്, ഫിനാൻസ്, ഓഡിറ്റ്, പെൻഷൻ & റ്റി.ബി.പി.എഫ്, സ്കാറ്റേർഡ്, വെൽഫെയർ)
ഇ2, ഇ5, എഫ്1, എഫ്4, സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി, ബോർഡിന്റെ വെബ്സൈറ്റ്

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്

"ഭരണഭാഷ – മാതൃഭാഷ"

# കേരള സർക്കാർ

സംഗ്രഹം

പൊതുഭരണ വകുപ്പ് - കോവിഡ്-19 വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ- നിയന്ത്രണങ്ങളും നടപടിക്രമങ്ങളും - ലോക്ക്ഡൗണുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 2020 മെയ് 18 മുതൽ 31 വരെ നടപ്പാക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്**

**സ.ഉ.(കൈ)നം.99/2020/പൊ.ഭ.വ** **തിരുവനന്തപുരം, തീയതി, 18.05.2020**

---

പരാമർശം : കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 17.05.2020 ലെ 40-3/2020-ഡിഎം-1(എ) ഉത്തരവ്

## ഉത്തരവ്

കോവിഡ്-19 നിർവ്യാപന പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രാജ്യത്ത് നിലനിൽക്കുന്ന ലോക്ക്ഡൗൺ 2020 മെയ് 31 വരെ ദീർഘിപ്പിച്ചുകൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പരാമർശം പ്രകാരം ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ, 2005 ലെ ദുരന്തനിവാരണ നിയമത്തിന്റെ സെക്ഷൻ 20(3) അധികരിച്ച് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർപേഴ്സൺ എന്ന നിലയിൽ സംസ്ഥാനത്ത് നിൽനിൽക്കുന്ന ലോക്ക്ഡൗൺ ഇതിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകൾ പ്രകാരം 2020 മെയ് 31 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു. എല്ലാ ജില്ലാ കളക്ടർമാരും ജില്ലാ പോലീസ് മേധാവികളും വകുപ്പ് മേധാവികളും കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഈ മാർഗ്ഗനിർദ്ദേശങ്ങൾ വീഴ്ച കൂടാതെ നടപ്പാക്കേണ്ടതാണ് .

2) അതീവ ശ്രദ്ധ ചെലുത്തേണ്ട കണ്ടെയിൻമെന്റ് സോണുകളിൽ ഇതിലുപരിയായി ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ എന്ന നിലയിൽ അതത് ജില്ലാ കളക്ടർമാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**ടോം ജോസ്**

**ചീഫ് സെക്രട്ടറി**

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം

ഗവർണ്ണറുടെ പ്രിൻസിപ്പൽ സെക്രട്ടറി, കേരള രാജ്ഭവൻ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പ് തലവന്മാർക്കും
നിയമവും ധനകാര്യവും ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
കേരളത്തിലെ എല്ലാ സർക്കാർ ആഫീസുകൾക്കും/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും/
പൊതുമേഖലാ സ്ഥാപനങ്ങൾക്കും
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി. (വിപുലമായ പ്രചരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ് :

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രതിപക്ഷനേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## I. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് അനുവദിക്കുന്നതല്ല.

1. ആഭ്യന്തര മെഡിക്കൽ സർവ്വീസുകൾ, ആഭ്യന്തര എയർ ആംബുലൻസ്, സുരക്ഷാ ആവശ്യങ്ങൾ, കേന്ദ്ര ആഭ്യന്തര മന്ത്രാലയം അനുവദിക്കുന്ന മറ്റ് ആവശ്യങ്ങൾ എന്നിവയ്ക്കൊഴിച്ചുള്ള എല്ലാ ആഭ്യന്തര അന്താരാഷ്ട്ര വിമാനയാത്രകൾ.

2. മെട്രോ റയിൽ സർവ്വീസ്.

3. സ്കൂളുകൾ, കോളേജുകൾ, മറ്റു ട്രെയിനിംഗ് കോച്ചിംഗ് സെന്ററുകൾ. എന്നാൽ ഓൺലൈൻ/വിദൂരവിദ്യാഭ്യാസം എന്നിവ പരമാവധി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

4. ഹോട്ടലുകൾ, റസ്റ്റാറന്റുകൾ, മറ്റു ഹോസ്പിറ്റാലിറ്റി സർവ്വീസുകൾ. എന്നാൽ ലോക്ക്ഡൗൺ മൂലം ഒറ്റപ്പെട്ടുപോയ ടൂറിസ്റ്റുകൾ, ആരോഗ്യ മെഡിക്കൽ മേഖല ഉൾപ്പെടെയുള്ള അവശ്യ സർവീസ് ജീവനക്കാർ, വിമാന, കപ്പൽ ജീവനക്കാർ തുടങ്ങിയവരെ താമസിപ്പിച്ചിരിക്കുന്ന ഹോട്ടലുകൾ, ലോഡ്ജുകൾ, ഹോം സ്റ്റേകൾ, ക്വാറന്റീൻ സൗകര്യങ്ങൾക്കായി കണ്ടെത്തിയിട്ടുള്ള സ്ഥാപനങ്ങൾ/ ഹോട്ടലുകൾ തുടങ്ങിയവയും ബസ്സ്റ്റാന്റുകൾ, റയിൽവേസ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ എന്നിവയോടനുബന്ധിച്ചുള്ള ക്യാന്റീനുകളും നിബന്ധനകൾക്കനുസൃതമായി അനുവദനീയമാണ്. ഹോട്ടലുകൾ/ റസ്റ്റാറന്റുകൾക്ക് ഹോം ഡെലിവറി/ഓൺലൈൻ/പാഴ്സൽ എന്നീ മാർഗ്ഗങ്ങൾ മുഖാന്തിരം ആഹാരം വിതരണം ചെയ്യാനായി അടുക്കള പ്രവർത്തിക്കാവുന്നതാണ്.

5. സിനിമാ ടാക്കീസ്, ഷോപ്പിംഗ് മാളുകൾ, ജിംനേഷ്യം, നീന്തൽകുളങ്ങൾ, എന്റർടെയിൻമെന്റ് പാർക്കുകൾ, ആഡിറ്റോറിയങ്ങൾ, അസംബ്ലി ഹാളുകൾ തുടങ്ങിയവ. സ്പോർട്സ് കോംപ്ലക്സുകളിലും ക്ലബുകളിലും സ്റ്റേഡിയങ്ങളിലും കാണികൾക്ക് പ്രവേശനം അനുവദിക്കുന്നില്ലെന്ന വ്യവസ്ഥയിൽ സാമൂഹിക അകലം പാലിച്ചുകൊണ്ട് കായിക പ്രവർത്തനങ്ങൾ അനുവദിക്കുന്നതാണ്.

6. സാമൂഹ്യ, രാഷ്ട്രീയ, കായിക, വിനോദ, വിദ്യാഭ്യാസ, സാംസ്കാരിക, ആത്മീയ കൂട്ടായ്മകളും മറ്റ് കൂടിച്ചേരലുകളും.

7. മതസ്ഥാപനങ്ങളിലും ആരാധനാലയങ്ങളിലും പൊതുജനങ്ങൾക്ക് പ്രവേശനം ഉണ്ടായിരിക്കുന്നതല്ല. മതപരമായ കൂടിച്ചേരലുകൾ കർശനമായി നിരോധിച്ചിരിക്കുന്നു. എന്നാൽ ഇവിടങ്ങളിൽ വച്ച് വിവാഹച്ചടങ്ങുകളും മരണാനന്തര ചടങ്ങുകളും നിബന്ധനകൾ പാലിച്ചുകൊണ്ട് നടത്തുന്നതിന് ഇത് ബാധകമല്ല.

8. അന്തർസംസ്ഥാന/അന്തർജില്ലാ പൊതുഗതാഗതം.

**II ഖണ്ഡിക (I) ഒഴികെയുള്ള എല്ലാ പ്രവർത്തനങ്ങളും സംസ്ഥാനത്ത് (കണ്ടെയിൻമെന്റ് സോണുകൾ ഒഴികെ) അനുവദനീയമാണ്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിബന്ധനകളോടുകൂടിമാത്രമെ അനുവദനീയമുള്ളൂ.**

**1. യാത്രകൾ**

i. സംസ്ഥാനങ്ങൾ തമ്മിലുള്ള പരസ്പരധാരണപ്രകാരം മാത്രമുള്ള അന്തർസംസ്ഥാന ഗതാഗതം.

ii. ജില്ലയ്ക്കകത്തുള്ള ജല ഗതാഗതമുൾപ്പെടയുള്ള പൊതുഗതാഗതം (സീറ്റിംഗ് കപ്പാസിറ്റിയുടെ അമ്പതു ശതമാനം ആളുകളെ മാത്രമെ അനുവദനീയമായിട്ടുള്ളൂ. യാത്രക്കാരെ നിർത്തിയുള്ള യാത്ര അനുവദിക്കുന്നതല്ല.) ജില്ലകൾ കൂടിച്ചേരുന്ന അതിർത്തികൾ പങ്കിടുന്ന സ്ഥലങ്ങളിൽ അവിടത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

iii. അതത് ജില്ലക്കുള്ളിലെ സ്വകാര്യ വാഹനങ്ങളുടെയും ആളുകളുടെയും സഞ്ചാരം ഈ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾക്കു വേണ്ടി മാത്രമായിരിക്കും.

iv. മറ്റു ജില്ലകളിലേക്കുള്ള യാത്രകൾ: തൊട്ടടുത്ത ജില്ലകളിൽ ഈ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അനുവദനീയമായ കാര്യങ്ങൾക്ക് യാത്രചെയ്യുന്നതിന് അനുമതി ഉണ്ടായിരിക്കുന്നതാണ്. രാവിലെ 7 മുതൽ വൈകിട്ട് 7 മണിവരെയുള്ള യാത്രകൾക്ക് പ്രത്യേക യാത്രാപാസ്സ് ആവശ്യമില്ല. അവരവരുടെ തിരിച്ചറിയൽ കാർഡ് കൈയിൽ കരുതിയാൽ മതിയാകും. കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ, അവശ്യസർവീസിലുള്ള സർക്കാർ ജീവനക്കാർ എന്നിവർക്ക് യാത്രചെയ്യുന്നതിന് ഈ സമയ പരിധി ബാധകമല്ല. ഇലക്ട്രീഷ്യന്മാർ, മറ്റു ടെക്നീഷ്യൻമാർ തങ്ങളുടെ ട്രേഡ് ലൈസൻസ് കോപ്പി കയ്യിൽ കരുതണം. സമീപമല്ലാത്ത ജില്ലകളിലേക്ക് അനുവദനീയമായ ആവശ്യങ്ങൾക്കായി യാത്ര ചെയ്യുന്നതിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നിന്നോ ജില്ലാ കളക്ടറിൽ നിന്നോ അനുമതി നേടിയിരിക്കണം (അവശ്യ സർവ്വീസുകളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് ഇത് ബാധകമല്ല). ജോലി ആവശ്യങ്ങൾക്കായി സ്ഥിരമായി ദൂരെ ജില്ലകളിലേക്ക് യാത്ര ചെയ്യുന്നവർ പ്രത്യേക യാത്രപാസ് ജില്ലാ കളക്ടർ/പോലീസ് മേധാവിയിൽ നിന്നും നേടേണ്ടതാണ്. എന്നാൽ ഹോട്ട്സ്പോട്ടുകളിലെ കണ്ടയിൻമെന്റ് സോണുകളിൽ പ്രവേശനത്തിന് കൂടുതൽ ശക്തമായ നിരീക്ഷണം ഉണ്ടാകും. ഇതിനായി പോലീസ് വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

v. അനുവദനീയമായ പ്രവൃത്തികൾക്ക് പുറമെ ലോക്ക്ഡൗൺ മൂലം ഒറ്റപ്പെട്ടുപോയ വിദ്യാർത്ഥികൾ, ബന്ധുക്കൾ എന്നിവരെ കൂട്ടിക്കൊണ്ടുവരുന്നതിനും അവരവരുടെ വീടുകളിലേക്ക് പോകുന്നതിനും, ജോലിയിടങ്ങളിൽ കുടുങ്ങിപ്പോയ തൊഴിലാളികൾക്കും ജീവനക്കാർക്കും വീടുകളിൽ പോകുന്നതിനും അനുമതി ഉണ്ടായിരിക്കുന്നതാണ്. കൂടാതെ മറ്റ് അടിയന്തിരാവശ്യങ്ങളുമായി ബന്ധപ്പെട്ടും അന്തർജില്ലാ യാത്ര അനുവദിക്കുന്നതാണ്. എന്നാൽ ഈ യാത്രകൾ കോവിഡ്-19 ജാഗ്രത പോർട്ടലിലോ പോലീസ് വകുപ്പിന്റെ പോർട്ടലിലോ രജിസ്റ്റർ ചെയ്ത് ഓട്ടോമേറ്റഡ് പാസ് നേടിയതിനുശേഷം മാത്രമെ അനുവദിക്കുകയുള്ളൂ.

vi. വാഹനയാത്രകൾ : സ്വകാര്യ വാഹനങ്ങൾ, ടാക്സി ഉൾപ്പെടെ നാലുചക്രവാഹനങ്ങളിൽ ഡ്രൈവർക്ക പുറമെ രണ്ടു പേരും (കുടുംബമാണെങ്കിൽ 3 പേർക്കും) ഓട്ടോറിക്ഷകളിൽ ഡ്രൈവർക്ക് പുറമെ ഒരാൾമാത്രവും (കുടുംബമാണെങ്കിൽ 3 പേർക്കും) ഇരുചക്ര വാഹനങ്ങളിൽ ഒരാളും (കുടുംബാംഗമാണെങ്കിൽ മാത്രം പിൻസീറ്റ് യാത്ര അനുവദിക്കുന്നതാണ്) മാത്രമേ യാത്ര ചെയ്യാൻ പാടുള്ളൂ. ആരോഗ്യകാരണങ്ങൾ ഉൾപ്പെടെയുള്ള അത്യാവശ്യ കാര്യങ്ങൾക്കായി പോകുന്നവർക്ക് ഇളവ് അനുവദിക്കാൻ ബന്ധപ്പെട്ട പോലീസ് അധികാരികൾ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

vii. വിവിധ സോണുകളിലെ കണ്ടയിൻമെന്റ് സോണുകളിലേക്കും അതിനു പുറത്തേക്കുമുള്ള യാത്രകൾ അനുവദനീയമല്ല. അടിയന്തിര ഘട്ടങ്ങളിൽ ഇത്തരം യാത്ര നടത്തുന്നവർ എത്തിച്ചേരുന്ന സ്ഥലത്ത് 14 ദിവസത്തെ ഹോം/സ്ഥാപന ക്വാറന്റയിനിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അനുവദനീയമായ പ്രവൃത്തികൾക്കുള്ള യാത്രകൾ നടത്തുന്ന സർക്കാർ ജീവനക്കാർ/സന്നദ്ധ സേവകർ ഉൾപ്പെടെയുള്ളവർക്ക് ഇത് ബാധകമല്ല.

viii. 65 വയസ്സിനു മുകളിൽ പ്രായമുള്ളവർ, തുടർ രോഗബാധയുള്ളവർ, ഗർഭിണികൾ, 10 വയസ്സിനു താഴെയുള്ള കുട്ടികൾ എന്നിവർ അടിയന്തിര/ചികിത്സ ആവശ്യങ്ങൾക്കൊഴികെ പരമാവധി വീടുകളിൽതന്നെ കഴിയേണ്ടതാണ്.

## 2 വാണിജ്യ/ വ്യപാര/ സ്വകാര്യ സ്ഥാപനങ്ങൾ:

i. ഷോപ്പിംഗ് കോംപ്ലക്സുകളിൽ (മാളുകൾ ഒഴികെ) ഒരു ദിവസം ആകെയുള്ള കടകളുടെ അമ്പതു ശതമാനം മാത്രം തുറന്നു പ്രവർത്തിക്കാം എന്നുള്ള വ്യവസ്ഥയിൽ കടകൾ അനുവദിക്കാവുന്നതാണ്. ഏതേത് ദിവസങ്ങളിൽ ഏതൊക്കെ തുറക്കണമെന്നത് അതത് ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടഉടമകളുടെ കൂട്ടായ്മകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അനുമതിയോടുകൂടി തീരുമാനിക്കേണ്ടതാണ്. ഒന്നോ അതിലധികമോ നിലകളുള്ള stand alone shops അനുവദനീയമാണ്.

ii. എയർകണ്ടീഷൻ സംവിധാനം ഒഴിവാക്കി ബാർബർ ഷോപ്പുകളും ബ്യൂട്ടി പാർലറുകളും ഹെയർകട്ടിംഗ്, ഹെയർ ഡ്രസിംഗ്, ഷേവിംഗ് ജോലികൾക്ക് മാത്രമായി പ്രവർത്തിക്കാവുന്നതാണ്. ഒരു സമയത്ത് രണ്ടു പേരിൽ കൂടുതൽ കാത്തു നിൽക്കാൻ പാടുള്ളതല്ല. ഒരേ ടവ്വൽ തന്നെ പലർക്കായി ഉപയാഗിക്കാൻ പാടുള്ളതല്ല. കസ്റ്റമർ തന്നെ ടവ്വൽ കൊണ്ടുവരേണ്ടതാണ്. ടെലിഫോൺ മുഖാന്തിരം അപ്പോയിന്റ്മെന്റ് എടുത്ത് സ്ഥാപനത്തിലെത്തുന്ന സംവിധാനം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

iii. റസ്റ്റാറന്റുകളിലെ Take Away കൗണ്ടറുകളിൽ നിന്നുള്ള ഭക്ഷണസാധനങ്ങളുടെ വിതരണം രാവിലെ 7 മണിമുതൽ രാത്രി 9 മണി വരെ നടത്താവുന്നതാണ്. രാത്രി 10 മണിവരെ ഓൺലൈൻ/ഡോർ ഡെലിവറി അനുവദിക്കുന്നതാണ്.

iv. ബിവറേജസ് ഔട്ട്ലെറ്റുകൾ ഓൺലൈൻ ബുക്കിംഗ് സജ്ജമാകുന്ന മുറയ്ക്ക് നിബന്ധനകൾ പാലിച്ചുകൊണ്ട് പാഴ്സൽ സർവ്വീസിനായി തുറക്കാവുന്നതാണ്. ബാറുകളിൽ മദ്യ വിതരണത്തിനും ആഹാര വിതരണത്തിനും ഈ നിബന്ധനകൾ ബാധകമാണ്. ഈ സംവിധാനം നിലവിൽ വരുന്ന ദിവസം മുതൽ ക്ലബുകളിൽ ഒരു സമയത്ത് 5 ആളുകളിലധികം വരില്ല എന്നുള്ള നിബന്ധനയ്ക്ക് വിധേയമായി സാമൂഹിക അകലം പാലിച്ചുകൊണ്ട് മെമ്പർമാർക്ക് മദ്യവും ആഹാരവും പാഴ്സലായി വിതരണം ചെയ്യാവുന്നതാണ്. ടെലിഫോൺ

വഴിയുള്ള ബുക്കിംഗോ അനുയോജ്യമായ മറ്റു മാർഗ്ഗങ്ങളോ ക്ലബുകൾ ഇതിനായി സ്വീകരിക്കണം. കള്ള് ഷാപ്പുകൾ ഉൾപ്പെടെയുള്ള ഇടങ്ങളിൽ പാഴ്സലായിമാത്രം മദ്യവും ആഹാരവും അനുവദിക്കുന്നതാണ്. ക്ലബുകളിൽ മെമ്പർമാരല്ലാത്തവരുടെ പ്രവേശനം അനുവദനീയമല്ല.

v. കള്ളു ഷാപ്പുകളിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി കള്ളും ആഹാരവും വിതരണം ചെയ്യാവുന്നതാണ്.

vi. ഗോൾഫ്, ടെന്നീസ്, ബാഡ്മിന്റൺ മുതലായ കളികൾ സാമൂഹിക അകലം പാലിച്ചുകൊണ്ട് അനുവദിക്കാവുന്നതാണ്.

vii. സാമൂഹിക അകലം പാലിച്ചുകൊണ്ട് ടെലിവിഷൻ പ്രൊഡക്ഷൻ യൂണിറ്റുകൾക്ക് ഇൻഡോർ ഷൂട്ടിംഗ് ഒരേ സമയം പരമാവധി 10 പേർ എന്ന നിബന്ധനയോടെ അനുവദിക്കാവുന്നതാണ്.

## 3 സർക്കാർ ഓഫീസുകൾ/സ്ഥാപനങ്ങൾ

i. എല്ലാ വിഭാഗം ജീവനക്കാരും 50% പേർ ഹാജരാകേണ്ടതാണ്. ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെ ശനിയാഴ്ച ദിവസം സർക്കാർ ഓഫീസുകൾക്ക് അവധി ദിവസമായിരിക്കും. ശേഷിക്കുന്ന ജീവനക്കാർ വീട്ടുകളിലിരുന്ന് ഔദ്യോഗിക കൃത്യങ്ങൾ നിർവ്വഹിക്കേണ്ടതും ആവശ്യമെങ്കിൽ മേലുദ്യോഗസ്ഥന്റെ നിർദ്ദേശാനുസരണം ഓഫീസിൽ എത്തേണ്ടതുമാണ്. എന്നിരുന്നാലും പൊതുജനങ്ങൾക്കുള്ള സേവനം നൽകാൻ ആവശ്യമായ ജീവനക്കാരെ വിന്യസിക്കേണ്ടതാണ്. തൊട്ടടുത്തുള്ള ജില്ലകളിലേക്ക് ജീവനക്കാർക്ക് ഔദ്യോഗികാവശ്യങ്ങൾക്ക് യാത്ര ചെയ്യാവുന്നതും ഇതിനായി ഔദ്യോഗിക തിരിച്ചറിയൽരേഖ ഉപയോഗിക്കേണ്ടതുമാണ് . മറ്റു ജില്ലകളിൽ നിന്നും സ്ഥിരമായി ഓഫീസിലേക്ക് യാത്രചെയ്യുന്നവരുണ്ടെങ്കിൽ മേലധികാരിയുടെ സാക്ഷ്യപത്രം കയ്യിൽ കരുതേണ്ടതാണ്. ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനു ശേഷം ഓഫീസുകളിൽ ഹാജരാകാൻ സാധിക്കാത്ത സർക്കാർ ജീവനക്കാർ രണ്ടു ദിവസത്തിനകം ജോലി ചെയ്യുന്ന ജില്ലകളിലേക്ക് മടങ്ങേണ്ടതാണ്. ഇപ്രകാരം യാത്ര ചെയ്യാൻ കഴിയാത്ത ജീവനക്കാർ അതത് ജില്ലാ കളക്ടറുടെ മുമ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതും ജില്ലാ കളക്ടർ കോവിഡ്-19 നിർവ്യാപന പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലോ ജില്ലാ കളക്ടറേറ്റിലോ ഇവരുടെ സേവനം ഉപയോഗിക്കേണ്ടതുമാണ്. ഇത്തരത്തിൽ മറ്റ് ജില്ലകളിൽ കുടുങ്ങിപ്പോയിട്ടുള്ള ജീവനക്കാരുടെ വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് വകുപ്പ മേധാവികൾ കൈമാറേണ്ടതാണ്.

ii. ആരോഗ്യ വകുപ്പ് , ആയുഷ് വകുപ്പ് , പോലീസ് , ജയിൽ, സെക്യൂരിറ്റി സർവ്വീസ് ഹോം ഗാർഡ് , ഫയർ & റെസ്ക്യൂ സർവ്വീസ് , തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവര പൊതുജന സമ്പർക്ക വകുപ്പ് , തൊഴിൽ വകുപ്പ് , എക്സൈസ് വകുപ്പ് , പൊതുമരാമത്ത് വകുപ്പ് , ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് , ലീഗൽ മെട്രോളജി, മോട്ടോർ വാഹന വകുപ്പ്, ജലവിഭവ/ജലസേചന വകുപ്പ് കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ആവശ്യമുള്ള ജീവനക്കാരെ ഏകോപിപ്പിക്കേണ്ട സ്ഥാപനങ്ങൾ, കൃഷി വകുപ്പ് , മൃഗ സംരക്ഷണ വകുപ്പ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് വൈദ്യുതി വകുപ്പ് , വിവര സാങ്കേതിക വകുപ്പ് , നോർക്ക വകുപ്പ് , റവന്യൂ വകുപ്പ് , സാമൂഹ്യനീതി വകുപ്പ് , ഡിസാസ്റ്റർ മാനേജ്മെന്റ് , ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്ന ബോർഡുകളുടെ പ്രവർത്തനം തുടങ്ങിയ അവശ്യ സർവ്വീസുകൾ മുകളിൽപ്പറഞ്ഞ നിയന്ത്രണങ്ങൾ കൂടാതെ പൊതുജന സേവനം ഉറപ്പുവരുത്തുന്നതിനാവശ്യമായ ജീവനക്കാരെ ഉപയോഗിച്ച് പ്രവർത്തിക്കേണ്ടതാണ് .

iii. പരീക്ഷാ നടത്തിപ്പിനാവശ്യമായ മുന്നൊരുക്കങ്ങൾക്കും, പരീക്ഷാ നടത്തിപ്പിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ (സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് ഉൾപ്പെടെ) പ്രവർത്തിക്കാവുന്നതാണ്. ഇതിന് ശനിയാഴ്ച ഒഴിവ് ബാധകമല്ല.

iv. കേന്ദ്ര സർക്കാർ ഓഫീസുകൾ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായിട്ടായിരിക്കും പ്രവർത്തിക്കുക.

v. ഉൽപ്പാദന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ മേധാവിക്ക് തീരുമാനിച്ച് നടപ്പിലാക്കാവുന്നതാണ്. ഒരു തരത്തിലുള്ള അധിക സാമ്പത്തിക ബാധ്യതതയും ഇത്തരം ക്രമീകരണങ്ങളിലൂടെ ഉണ്ടാകാൻ പാടുള്ളതല്ല.

## 4 സാമൂഹിക സേവന മേഖലകൾ

i. വിവാഹച്ചടങ്ങുകൾ പരമാവധി 50 ആൾക്കാരെ വച്ചും അനുബന്ധ ചടങ്ങുകൾ പരമാവധി 10 പേരെ വച്ചും മാത്രം നടത്തേണ്ടതാണ്.

ii. മരണാനന്തര ചടങ്ങുകൾ പരമാവധി 20 ആൾക്കാരെ വച്ചും അനുബന്ധ ചടങ്ങുകൾ പരമാവധി 10 പേരെ വച്ചും മാത്രം നടത്തേണ്ടതാണ്.

iii. വർക്കിംഗ് മെൻ/വിമൺ ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനം സ്ഥാപനമേധാവികൾ ഉറപ്പാക്കേണ്ടതാണ്.

## 5 പൊതുവായ വ്യവസ്ഥകൾ

i. ബ്രേക്ക് ദ ചെയിൻ ക്യാമ്പയിനുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഊർജിതമായി നടത്തേണ്ടതാണ്. കടകളിലും, ബാർബർഷോപ്പുകൾ അടക്കമുള്ള എല്ലാ അനുവദനീയമായ സ്ഥാപനങ്ങളിലും സാനിറ്റൈസറിന്റെ ഉപയോഗം കൃത്യമായി ഉറപ്പാക്കേണ്ടതാണ്.

ii. അടഞ്ഞു കിടന്ന സ്ഥാപനങ്ങൾ ശുചിയാക്കിയശേഷം ബുധനാഴ്ച മുതൽ പ്രവർത്തികൾ ആരംഭിച്ചാൽ മതിയാകും.

iii. അനുവദനീയമായ എല്ലാ പ്രവർത്തികളും ശാരീരിക അകലം (6 അടി അഥവാ 1.8 മീറ്റർ) പാലിച്ച് മാത്രമെ നിർവ്വഹിക്കാൻ പാടുള്ളൂ.

iv. അനുവദനീയമല്ലാത്ത രാത്രി യാത്രകൾ ഒഴിവാക്കുന്നതിനായി CrPC സെക്ഷൻ 144 അനുസരിച്ചുള്ള നിരോധിത ഉത്തരവുകൾ നടപ്പാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. നേരത്തെ യാത്ര തുടങ്ങി ഏഴുമണിക്കു അവസാനിപ്പിക്കാൻ സാധിക്കാത്തവരുടെ രാത്രിയാത്രകൾ ഈ ഗണത്തിൽ പെടുത്തേണ്ടതില്ല.

v. കണ്ടെയിൻമെന്റ് സോണുകളിൽ അവശ്യ സർവ്വീസുകൾ മാത്രമെ അനുവദനീയമായുള്ളൂ. മെഡിക്കൽ ആവശ്യങ്ങൾ, അവശ്യ സാധനങ്ങളുടെ വിതരണം എന്നീ പ്രവർത്തനങ്ങൾക്കൊഴികെയുള്ളവരുടെ സഞ്ചാരം കണ്ടെയിൻമെന്റ് സോണുകളിൽ നിയന്ത്രിക്കേണ്ടതാണ്.

vi. സ്വർണ്ണം, പുസ്തകം തുടങ്ങി ഉപഭോക്താക്കളുടെ സ്പർശനം കൂടുതലായി ഉണ്ടാകുന്ന ഇടങ്ങളിൽ പരമാവധി ശ്രദ്ധ ചെലുത്തേണ്ടതും അതില്ലാതാക്കാനും അണുവിമുക്തമാക്കുന്നതിനും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

vii. മാസ്കുകളുടെ വിവതണവും വില്പനയും പാക്കറ്റുകളിൽ മാത്രമേ അനുവദിക്കുകയുള്ളൂ

## III കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട് ജോലിസ്ഥലങ്ങളിൽ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ

1. ജോലിസ്ഥലങ്ങളിൽ മാസ്കുകൾ നിർബന്ധമായും ധരിക്കേണ്ടതാണ്.
2. ലോക്ക്ഡൗൺ മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള സാമൂഹിക അകലം, ശുചിത്വ രീതികൾ എന്നിവ ആളുകൾ കർശനമായി പാലിക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.
3. ഡ്യൂട്ടി ഷിഫ്റ്റുകൾക്കിടയിലുള്ള സമയം, ഉച്ചഭക്ഷണത്തിനുള്ള സമയം എന്നിവ ക്രമീകരിച്ച് സാമൂഹിക അകലം ഉറപ്പുവരുത്തുന്നതിനുവേണ്ട നടപടികൾ ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.
4. തെർമൽ സ്കാനിംഗ്, ഹാന്റ് വാഷ്, സാനിറ്റൈസർ എന്നിവ എല്ലാ എൻട്രി/എക്സിറ്റ് പോയിന്റുകളിലും പൊതുഇടങ്ങളിലും ഉപയോഗിക്കേണ്ടതാണ്. മതിയായ അളവിലുള്ള ഹാന്റ് വാഷ്, സാനിറ്റൈസർ എന്നിവ ജോലിസ്ഥലങ്ങളിൽ ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
5. ജോലിസ്ഥലങ്ങൾ ഇടയ്ക്കിടെ അണുവിമുക്തമാക്കേണ്ടതാണ്. എൻട്രി/എക്സിറ്റ് പോയിന്റുകൾ, ഡോറുകൾ, ലിഫ്റ്റുകൾ, ടോയ്ലറ്റുകൾ തുടങ്ങിയവ ഓരോ ഷിഫ്റ്റ് കഴിയുമ്പോഴും അണുവിമുക്തമാക്കേണ്ടതാണ്.
6. ജോലിസ്ഥലങ്ങളിൽ വലിയ മീറ്റിംഗുകൾ ഒഴിവാക്കേണ്ടതാണ്.
7. ജോലിസ്ഥലങ്ങൾക്ക് സമീപമുള്ള കോവിഡ് കെയർ സെന്ററുകൾ/ഹോസ്പിറ്റലുകൾ എന്നിവ സംബന്ധിച്ച ഒരു ലിസ്റ്റ് സ്ഥാപനങ്ങളിൽ കരുതേണ്ടതാണ്. ഏതെങ്കിലും ജീവനക്കാരൻ കോവിഡ് 19 രോഗലക്ഷണങ്ങൾ കാണിക്കുകയാണെങ്കിൽ ഉടൻതന്നെ ടിയാനെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇത്തരത്തിലുള്ള ജീവനക്കാരെ ആശുപത്രിയിലേയ്ക്ക് മാറ്റുന്നതുവരെയുള്ള സമയം ക്വാറന്റൈൻ ചെയ്യുവാനായി ഒരു പ്രത്യേക കേന്ദ്രം മുൻകൂറായി തയ്യാറാക്കിവയ്ക്കേണ്ടതാണ്.
8. സ്വകാര്യ/പൊതു ഗതാഗതം ഇല്ലാത്തയിടങ്ങളിൽ ജീവനക്കാരെ സ്ഥാപനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി സാമൂഹിക അകലം പാലിച്ചുകൊണ്ടുള്ള ഗതാഗത സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.
9. ശരിയായ ശുചിത്വ മാർഗ്ഗങ്ങളെക്കുറിച്ച് പരിശീലനവും ബോധവൽക്കരണവും നടത്തേണ്ടതാണ്.

## IV ഞായറാഴ്ച ലോക്ക്ഡൗണുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ

1. ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ ഞായറാഴ്ച പൂർണ്ണമായും ലോക്ക്ഡൗൺ പാലിക്കേണ്ടതാണ്. അവശ്യസാധനങ്ങൾ, പാൽവിതരണവും ശേഖരണവും, മാധ്യമങ്ങൾ, പത്രവിതരണം, ആശുപത്രികൾ, മെഡിക്കൽസ്റ്റോറുകൾ, ലാബുകൾ, അനുബന്ധസ്ഥാപനങ്ങൾ, കോവിഡ്-19 നിർവ്യാപന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വകുപ്പുകൾ/സ്ഥാപനങ്ങൾ/സർക്കാർ ഉദ്യോഗസ്ഥർ, മാലിന്യനിർമ്മാർജ്ജനം നടത്തുന്ന സ്ഥാപനങ്ങൾ/ഏജൻസികൾ, ആരോഗ്യപരമായ അടിയന്തിര സാഹചര്യങ്ങൾ, വിവാഹ-മരണാനന്തര ചടങ്ങുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായുള്ള അനുമതി എന്നിവയൊഴികെ മറ്റ് പ്രവർത്തനങ്ങളൊന്നും ഞായറാഴ്ച അനുവദനീയമല്ല.

2. റസ്റ്റാറന്റുകളിലെ Take Away സർവ്വീസ് കൗണ്ടറുകളുടെ പ്രവർത്തനം ഞായറാഴ്ച രാവിലെ 7 മണിമുതൽ രാത്രി 9 മണിവരെ ആയിരിക്കും. ഓൺലൈൻ/ഡോർ ഡെലിവറി രാത്രി 10 മണിവരെ അനുവദിക്കുന്നതാണ്.

3. തുടർ പ്രവർത്തനം ആവശ്യമായ നിർമ്മാണ യൂണിറ്റുകളും അവയുടെ സപ്ലൈ ചെയിനുകളും അനുവദനീയമാണ്.

4. ചരക്ക് വാഹനങ്ങളുടെ ഗതാഗതം അനുവദനീയമാണ്.

5. ആരാധനയുടെ ഭാഗമായി കർമ്മങ്ങളും ആചാരങ്ങളും നടത്താൻ ചുമതലപ്പെട്ടവർക്ക് ആരാധനാലയങ്ങളിലേക്ക് യാത്ര ചെയ്യാൻ അനുവദിക്കാവുന്നതാണ്.

6. പ്രഭാത നടത്തം/സൈക്ലിംഗ് എന്നിവ അനുവദിക്കാവുന്നതാണ്.

7. മറ്റ് അടിയന്തിര ഘട്ടങ്ങളിൽ ജില്ലാ അധികാരികളുടെ/പോലീസ് വകുപ്പിന്റെ പാസ്സിന്റെ അടിസ്ഥാനത്തിൽ മാത്രമെ ഞായറാഴ്ചകളിൽ യാത്രചെയ്യാൻ പാടുള്ളൂ.

**V എല്ലാ ജില്ലകളിലും ആവശ്യമെങ്കിൽ ഈ മാർഗ്ഗനിർദ്ദേശങ്ങൾക്കുപരിയായുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. കണ്ടെയിൻമെന്റ് സോണുകളിൽ പ്രത്യേക ശ്രദ്ധ ചെലുത്താനും ആവശ്യമായ നിയന്ത്രണം കൊണ്ടുവരാനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അധികാരികളും ശ്രദ്ധിക്കേണ്ടതാണ്.**

**VI ലോക്ക്ഡൗണുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ഏതെങ്കിലും ആളുകൾ ലംഘിക്കുകയാണെങ്കിൽ 2005 ലെ ദുരന്തനിവാരണ നിയമത്തിന്റെ 51 മുതൽ 60 വരെയുള്ള വകുപ്പുകൾ പ്രകാരവും, ഇന്ത്യൻ പീനൽ കോഡിന്റെ 188-ാം വകുപ്പ് പ്രകാരവും, ഉചിതമായ മറ്റ് ചട്ടങ്ങൾ പ്രകാരവും നിയമനടപടികൾക്ക് വിധേയനാകേണ്ടിവരും. നിർവ്വഹണച്ചുമതലയുള്ള എല്ലാ വിഭാഗങ്ങളും മുകളിലുള്ള നിർദ്ദേശങ്ങൾ കൃത്യമായി നടപ്പാക്കേണ്ടതാണ്. അതത് ജില്ലകളിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാന്റെ തീരുമാനം അന്തിമമായിരിക്കും.**